തത്തക്കിളിമൂലം കിട്ടിയ മകൻ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

വേദവ്യാസനെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കും. കേട്ടിട്ടില്ലെങ്കിൽ അതു വലിയ കുറച്ചിൽതന്നെ. ഭാരതീയർക്ക്, ഈ മഹർഷിയിൽ നിന്നു കിട്ടിയിട്ടുള്ളത്ര വിലതീരാത്ത സംഭാവനകൾ, മറ്റൊരാളിൽനിന്നും ലഭ്യമായിട്ടില്ല. ഈ മഹാനായ മുനി സരസ്വതീനദിയുടെ തീരത്ത് ആശ്രമംകെട്ടി തപസ്സുചെയ്തുകൊണ്ടിരുന്ന കാലം. ആശ്രമത്തിനടുത്തു നിന്നിരുന്ന ഒരു കൊച്ചുമരത്തിൽ അദ്ദേഹം ഒരു കുരുവിക്കൂടുകണ്ടു. അതിനകത്ത് ഒന്നുരണ്ടു കിളിക്കുഞ്ഞുങ്ങൾ ചിലക്കുന്നതു കേട്ടാണു മഹർഷി അവിടേക്കു ശ്രദ്ധിച്ചത്. കൊച്ചുചുണ്ടിൽ ഒരു പുഴുവിനെ കൊത്തിപ്പിടിച്ചുകൊണ്ട് അച്ഛൻകുരുവി എത്തിയിരിക്കുന്നു! തീറ്റി സ്വായത്തമാക്കാൻവേണ്ടി കുഞ്ഞുങ്ങൾ എന്തൊക്കെയാണു കാണിക്കുന്നത്? തൂവൽ ശരിക്കു കുരുത്തിട്ടില്ല. കൂടുവിട്ടു പുറത്തിറങ്ങാൻ ആവുകയില്ല. ചുണ്ടിലെ ചുവപ്പു മങ്ങിയിട്ടില്ല. എങ്കിലും കിളിക്കുഞ്ഞുങ്ങൾക്ക് എന്തു ഭംഗിയാണ്. എന്തൊരു ബഹളമാണ്. അഭിമാനവും അന്തസ്സും പ്രസരിപ്പിച്ചുകൊണ്ട് അച്ഛൻ അല്പനിമിഷം അവരുടെ ഇടയ്ക്ക് ഇരുന്നു. കുട്ടികൾക്കു തീറ്റി കൊടുത്തശേഷം അതു പറന്നുപോയി.

ആ കുരുവിക്കൂട് ഒരു കൊച്ചു പ്രപഞ്ചമല്ലേ? ജീവിതത്തിലെ എല്ലാ നിറങ്ങളും അവിടെ പ്രകാശിക്കുന്നില്ലേ? എല്ലാ

പ്രശ്നങ്ങളും അവിടെ നിഴലിക്കുന്നില്ലേ? വിവേക ബുദ്ധിയില്ലാത്തവയാണെങ്കിലും ഈ കിളികളും കുടുംബബന്ധത്തിന്റെ ചരടുകളിൽ കുടുങ്ങിയിരിക്കുകയല്ലേ? സുഖദുഃഖങ്ങളും സ്നേഹബന്ധങ്ങളും എല്ലാം അവിടെ പ്രതിഫലിച്ചു കാണുന്നില്ലേ?

വേദവ്യാസമഹർഷിയെ ആ രംഗം ഇരുത്തി ചിന്തിപ്പിച്ചു. അതു് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒഴിഞ്ഞുകിടക്കുന്ന വിപുലമായ ഒരു മേഖലയുണ്ടെന്നു് ഓർമ്മിപ്പിച്ചു. ഒററയ്ക്കുള്ള ജീവിതം എത്ര അപൂർണ്ണമാണു്. ജീവിതത്തിനു നൽകുവാൻ സാധിക്കുന്ന മനോഹരങ്ങളായ എന്തെല്ലാം അംശങ്ങളാണു് അനുഭവത്തിൽ വരാതെ വഴുതിപ്പോകുന്നതു്! മക്കളില്ലാത്തവർക്കു ശാന്തിയും സ്വർഗ്ഗവും സിദ്ധിക്കുകയില്ലെന്നല്ലേ പറയപ്പെടുന്നതു്.

മഹർഷിയുടെ മനസ്സിൽ കുണ്ഠിതത്തിന്റെ നിഴൽ വീശി. എത്ര ചിന്തിച്ചിട്ടും എന്തൊക്കെ ചെയ്തിട്ടും ആ നിഴൽ നീങ്ങിയില്ല; നീണ്ടുനീണ്ടു വളർന്നതേയുള്ളു.

ഒരുദിവസം വേദവ്യാസമഹർഷി നാരദനെ കണ്ടുമുട്ടി. ദുഃഖം പരിഹരിക്കുവാൻ ദേവീധ്യാനം നടത്തുകയാണു വഴിയെന്നു് അദ്ദേഹം ഉപദേശിച്ചു. അതു സ്വീകരിച്ചു മഹർഷി മഹാമേരു പർവതത്തിൽ പോയി തപസ്സു് ചെയ്തു. വളരെക്കാലം തപസ്സു് ചെയ്തപ്പോൾ പരമശിവൻ പ്രത്യക്ഷനായി അദ്ദേഹത്തെ അനുഗ്രഹിച്ചു. മഹായോഗ്യനും ബുദ്ധിമാനും ശക്തിമാനും ആയ ഒരു പുത്രൻ ഉണ്ടാകും എന്നായിരുന്നുവരം.

വ്യാസൻ ആ വരത്തെപ്പററി വളരെ ചിന്തിച്ചു. ഭാര്യയില്ലാത്ത തനിക്കു് എങ്ങനെയാണു പുത്രനെ കിട്ടുക? വിവാഹം ചെയ്താലോ? എന്നാൽ സ്ത്രീകളെ അദ്ദേഹത്തിനു വെറുപ്പാണു്; ഭയമാണു്. സംസാരബന്ധങ്ങളുടെ ആരംഭം അവരിലല്ലേ? വിവാഹംചെയ്താൽ വീടുവേണം. അതിനെത്തുടർന്നു കുടുംബകാര്യങ്ങളുളവാകുന്ന ഓരോ കണ്ണികൾ സുദീർഘമായ ശൃംഖല സൃഷ്ടിക്കും. എന്തിനു് ഈ കെട്ടുപാടുകൾ? ഏകാകിയായി, സ്വതന്ത്രനായി കഴിയുന്നതു സുഖമല്ലേ? സർവസംഗപരിത്യാഗിയായി ഇത്രയും കാലം ജീവിച്ചതിനുശേഷം ഒരു പെണ്ണിന്റെ പിടിയിൽ ഒതുങ്ങി ജീവിക്കാൻ ആരംഭിക്കുമ്പോൾ ലോകർ ചിരിക്കുകയില്ലേ? അവർ എന്തൊക്കെ കെട്ടുകഥകളാണു് ഉണ്ടാക്കിക്കൂടാത്തതു്!

ഇങ്ങനെ പലതു ചിന്തിച്ചുകൊണ്ടു വ്യാസൻ ആശ്രമമുററത്തിരുന്നു് അരണിയുരച്ചു് അഗ്നിയുണ്ടാക്കുകയായിരുന്നു. ഇന്നത്തെ മാതിരി തീപ്പെട്ടി അന്നില്ലല്ലോ. അതുകൊണ്ടു് അരണിയുരച്ചാണു തീ കത്തിച്ചിരുന്നതു്. അദ്ദേഹം അല്പം അകലത്തേക്കു് അറിയാതെ നോക്കി. സൗന്ദര്യവതിയായ ഒരു സ്ത്രീ അതാ! ഒരു അരയന്നംപോലെ മന്ദംമന്ദം നടന്നുപോകുന്നു! ആശ്രമമുററത്തിരിക്കുന്ന തന്നെ അവൾ കടക്കണ്ണിട്ടു വീക്ഷിച്ചോ? അവളുടെ രക്താധരങ്ങളിൽ പുഞ്ചിരി ഉദിച്ചോ? സന്യാസിവര്യനു സംശയമായി. ഹൃദയം ആകപ്പാടെ ഇക്കിളിയേററതുപോലെ വെമ്പി! ഇങ്ങനെയും സൗന്ദര്യമുള്ള വനിതകളുണ്ടോ?

ഇതാരാണു് ഈ സുന്ദരി?

വ്യാസൻ ഓർമ്മിച്ചുനോക്കി.

അതേ, അവളാണു ഘൃതാചി.

അദ്ദേഹത്തിന്റെ ചിന്ത ഘൃതാചിയെക്കുറിച്ചു മാത്രമായി. പുരികക്കൊടികളുടെ അഴകു്! നേത്രങ്ങളിലെ പ്രകാശം! മന്ദസ്മിതത്തിന്റെ മാധുര്യം! അവയവങ്ങളുടെ വടിവു്!....ഇതിനു മുമ്പു് ഒരു സ്ത്രീയും അദ്ദേഹത്തെ ഇത്രയും ആകർഷിച്ചിട്ടില്ല....

എങ്കിലും അവളെ വിവാഹം ചെയ്യുക സാദ്ധ്യമല്ല....അതു തീർച്ച!

വേദവ്യാസന്റെ ദൃഢപ്രതിജ്ഞയുടെ പ്രതിച്ഛായ മുഖത്തു പ്രകടമായിരുന്നു. അതു മനസ്സിലാക്കിയ ഘൃതാചി ഒരു തത്തക്കിളിയുടെ രൂപം സ്വീകരിച്ചു് അവിടെനിന്നു പറന്നുകളഞ്ഞു!